# ഞാൻ കണ്ട ഹിരോഷിമ



ജസ്റ്റിസ് കെ.റ്റി. തോമസ്
സുപ്രീംകോടതി മുൻ ജഡ്ജി



ജപ്പാനിലെ ഹിരോഷിമാ നഗരം ഞാൻ കണ്ടത് 2005 ജൂൺ മാസം 15-ാം തീയതി ആയിരുന്നു. ഞാൻ കാണാത്ത ഹിരോഷിമാ നഗരം 1945 ഓഗസ്റ്റ് 6-ാം തീയതി ഒരു നിമിഷത്തിനിടയിൽ ചാരക്കൂമ്പാരമായി മാറി. നാശത്തിനു ശേഷം വീണ്ടും ജപ്പാൻകാർ പടുത്തുയർത്തിയ ഒരു സുന്ദര ഉദ്യാനനഗരമാണ് ഞാൻ കണ്ടത്. ആ പശ്ചാത്തലമാണ് ഞാനീ ലേഖനം എഴുതുന്നത്. 2019 ഓഗസ്റ്റ് മാസം ഹിരോഷിമാ നഗരം തകർന്നതിന്റെ 75-ാം വാർഷികത്തിലേക്കു കടന്നു.

1939ൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധം 1945 ഓഗസ്റ്റ് 9-ാം തീയതി അവസാനിച്ചു. എനിക്ക് അന്ന് എട്ടു വയസ് പ്രായമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ സംഹാരതാണ്ഡവം യൂറോപ്പിലും വടക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും കൊടുമ്പിരി കൊണ്ടിരിക്കുമ്പോൾ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഒരു ബോംബുപോലും വർഷിക്കപ്പെട്ടില്ലെങ്കിലും, ആ മഹായുദ്ധത്തിന്റെ ദുരന്തങ്ങളുടെ ആഘാതങ്ങൾ കേരളം ഉൾപ്പെടെ ഇന്ത്യയിലും അലയടിക്കപ്പെട്ടിരുന്നു. സാധനസാമഗ്രികളുടെ ഗണ്യമായ ദൗർലഭ്യം മൂലം ഉടലെടുത്ത വിലക്കയറ്റവും, കരിഞ്ചന്തയുടെ വിളയാട്ടവും അന്ന് ഞങ്ങളുടെ രാജ്യമായിരുന്ന തിരുവിതാംകൂറിനെ സാരമായി ബാധിച്ചിരുന്നു. അരി ഉൾപ്പടെയുള്ള ധാന്യങ്ങളുടെ ലഭ്യതക്കുറവ് മൂലം ആ നാളുകളിൽ ഭൂരിപക്ഷം പേരും പട്ടിണിയിലായെങ്കിലും കപ്പയും മത്തിയും തിരുവിതാംകൂറിലെ ആളുകൾക്ക് നല്ല ആശ്വാസമായി. ഞാൻ നാലാം ക്ലാസിൽ പഠിക്കുമ്പോഴാണ് ലോകത്തെ ഞെട്ടിച്ച ആ വാർത്ത അന്നത്തെ മലയാള പത്രത്തിൽ ഞാൻ വായിച്ചത്. ജപ്പാനിലെ ഹിരോഷിമയിൽ അമേരിക്ക ബോംബ് എന്ന നൂതന സംഹാര അഗ്നിഗോളം വിമാനത്തിൽ നിന്ന് താഴേക്കിട്ടതായും അതിന്റെ പരിണിത ഫലമായി രണ്ടു ലക്ഷം ജനങ്ങൾ നൊടിയിടയിൽ മരണപ്പെട്ടെന്നുള്ള വാർത്തയാണ് ഏറ്റവും വലിയ തലക്കെട്ടോടു കൂടി പത്രത്തിൽ വന്നത്. തുടർന്നുള്ള രണ്ടു മൂന്നു ദിവസങ്ങളിൽ ആറ്റംബോംബിന്റെ സംഹാര വ്യാപ്തിയുടെ വർണനകൾ വന്നതിനെ തുടർന്നു ഓഗസ്റ്റ് 9-ാം തീയതി അമേരിക്ക വീണ്ടും മറ്റൊരു ആറ്റംബോംബ് കൂടി ജപ്പാനിലെ വേറൊരു സൈനിക കേന്ദ്രമായ നാഗസാക്കി എന്ന സ്ഥലത്തും വർഷിച്ചെന്നും തുടർന്ന് ജപ്പാൻ നിരുപാധികം കീഴടങ്ങുകയും ജപ്പാൻ ചക്രവർത്തി സ്ഥാനത്യാഗം ചെയ്തെന്നും മറ്റുമുള്ള വാർത്തകൾ ജനങ്ങൾ വളരെ ആശ്വാസത്തോടു കൂടിയാണ് വായിച്ചത്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ശരിയായ കാരണക്കാരനായ ജർമ്മൻ ഭരണാധികാരി അഡോൾഫ് ഹിറ്റ്ലർ മൂന്നുമാസം മുമ്പു തന്നെ യുദ്ധം ജയിച്ച ബ്രിട്ടീഷ് ഗവൺമെന്റിന് കീഴടങ്ങിയെങ്കിലും മറ്റൊരു സഖ്യകക്ഷിയായ ജപ്പാൻ അപ്പോൾ കീഴടങ്ങാൻ വിസമ്മതിച്ചതുകൊണ്ടാണ് യുദ്ധം തുടർന്നത്. യുദ്ധത്തിൽ ആദ്യം അമേരിക്ക കടന്നു വന്നിരുന്നില്ല. എന്നാൽ ജപ്പാൻ സൈന്യം അമേരിക്കൻ തുറമുഖ പട്ടണമായ പേൾ ഹാർബറിൽ ബോംബിട്ടതിനെ തുടർന്നാണ് അമേരിക്കയും യുദ്ധത്തിലേക്കു കടന്നത്. ബ്രിട്ടൺ, ഫ്രാൻസ്, സോവിയറ്റ് യൂണിയൻ എന്നീ രാജ്യങ്ങളുമായി അമേരിക്ക സഖ്യത്തിൽ ചേർന്നപ്പോൾ അതുവരെ ജർമ്മൻ സഖ്യകക്ഷികൾ ജയിച്ചുകൊണ്ടിരുന്ന യുദ്ധത്തിന്റെ ഗതി മാറി തുടങ്ങി. ഒടുവിൽ ജർമ്മനി കീഴടങ്ങി. എന്നിട്ടും ജപ്പാൻ യുദ്ധം തുടർന്നതിനാൽ എത്രനാൾ കൂടി യുദ്ധം തുടരുമെന്നു നിശ്ചയിക്കാനാകാത്ത സ്ഥിതി വന്നതുമൂലമാണ് അമേരിക്കൻ ശാസ്ത്രജ്ഞർ തയ്യാറാക്കിയ അണുബോംബ് എന്ന ഉഗ്രസംഹാര ശക്തിയുള്ള ഒരു ബോംബ് വർഷിക്കുമെന്ന് ജപ്പാനെ ഭീഷണിപ്പെടുത്തിയത്. എന്തുകൊണ്ടോ ജപ്പാൻ ഭീഷണി ഗൗരവമായി കണക്കാക്കിയില്ല. അതുകൊണ്ടാണ് ഹിരോഷിമയിൽ ആദ്യത്തെ അണുബോംബ് അമേരിക്ക വർഷിച്ചത്. ബോംബിന്റെ പരിണതഫലമായുണ്ടായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ ജപ്പാന് കാലതാമസം വന്നതുകൊണ്ടായിരിക്കാം ജപ്പാൻ കീഴടങ്ങുന്നതിന് വിസമ്മതിച്ചതും തുടർന്നു ര

ണ്ടാമത്തെ അണുബോംബു ജപ്പാനിൽ വർഷിക്കപ്പെട്ടതും.

ഹിരോഷിമയിൽ സംഭവിച്ച സമാനതകളില്ലാത്ത നാശനഷ്ടങ്ങൾക്കു പുറമെ രണ്ടു ലക്ഷത്തിൽപ്പരം ജനങ്ങൾ ഒറ്റയടിക്ക് മരണപ്പെട്ടതും, റേഡിയോ ആക്ടീവ് എന്നൊരു രാസപ്രയോഗത്തിന്റെ ധൂളികൾ മണ്ണിലും വായുവിലും നിറഞ്ഞതും തൽഫലമായി ഒരു പുൽക്കൊടിപോലും ആ മണ്ണിൽ (ആറ് അടി ആഴത്തിൽ) മുളക്കുകയില്ലെന്നു അവർക്കു മനസ്സിലാക്കാൻ സാധിച്ചത്. അതെപ്പറ്റി അറിയാൻ പാടില്ലാത്ത ആളുകൾ ഇപ്പോൾ ആരും തന്നെ ഇല്ല. എന്നാൽ പുതിയ തലമുറയിലെ ജപ്പാൻ ജനത നടത്തിയ അവിസ്മരണീയമായ പ്രവൃത്തികളുടെ ഫലമായാണ് ഹിരോഷിമ നഗരം വീണ്ടും പുഷ്പിച്ചു വളർന്നത്. ആ ചരിത്രമാണ് ലോകജനത പഠിക്കേണ്ടി വന്നത്.

വിസ്തീർണ്ണത്തിൽ ജപ്പാൻ ഇന്ത്യയേക്കാൾ വളരെ ചെറുതാണെങ്കിലും ജനസാന്ദ്രത കണക്കാക്കുമ്പോൾ ഒരു ചതുരശ്ര കിലോമീറ്ററിൽ ജപ്പാനിലെ ഇപ്പോഴത്തെ ജനസംഖ്യ ഇന്ത്യയുടെ ജനസംഖ്യ സാന്ദ്രതയേക്കാൾ വളരെ കൂടുതലാണ്. അടുത്തടുത്തായി സ്വാതന്ത്ര്യം പ്രാപിച്ച ഇന്ത്യയും ജപ്പാനും തമ്മിൽ വികസന കാര്യങ്ങളിൽ വലിയ അന്തരമുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം തകർന്നടിഞ്ഞു ചാരക്കൂമ്പാരമായി മാറിയ രാജ്യമായിരുന്നു ജപ്പാനെങ്കിൽ, ഒരു തരത്തിലും തകരാതിരുന്ന, വിഭവസമൃദ്ധിയാൽ സമൃദ്ധമായിരുന്ന ഇന്ത്യയുമായി താരതമ്യം ചെയ്താൽ രണ്ടായിരമാണ്ടോടു കൂടി ജപ്പാൻ ഇന്ത്യയേക്കാൾ വളരെ മടങ്ങു വികസന മേഖലയിൽ മുന്നേറ്റം നടത്തി എന്ന് കാണാൻ സാധിക്കും. ജപ്പാനിലെ ജനങ്ങൾ എല്ലാ കാര്യങ്ങളിലും മാതൃകയായി മാറി. ഇങ്ങനെയുള്ള കാരണങ്ങൾ കൊണ്ട് ജപ്പാൻ സന്ദർശിക്കണമെന്ന് എന്നിൽ അടക്കാനാവാത്ത ഒരാശ ഉണ്ടായി. ആ ആഗ്രഹം സഫലമായത് 2005 ജൂൺ മാസത്തിൽ മാത്രമായിരുന്നു.

ജപ്പാനിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർ വളരെ കുറവാണെന്നു ഞാൻ അറിഞ്ഞിരുന്നതുകൊണ്ട് ജപ്പാനിലേക്കു കൂടെക്കൂടെ പോകുന്നവരുടെ സാന്നിദ്ധ്യത്തിൽ ജപ്പാൻ സന്ദർശിക്കുന്നതു ബുദ്ധിയായിരിക്കുമെന്നു ഞാൻ കരുതി. ബേബി മാരിമെർ എന്ന മത്സ്യ കയറ്റുമതി കമ്പനിയുടെ ഉടമസ്ഥൻ കല്ലുവിള കെ.സി. നൈനാൻ എന്റെ അടുത്ത സുഹൃത്താണ്. അദ്ദേഹം കൂടെക്കൂടെ ബിസിനസ് സംബന്ധമായി ജപ്പാനിൽ പോകുന്നയാളാണെന്ന് എനിക്കറിയാമായിരുന്നതുകൊണ്ട് അദ്ദേഹത്തോട് ജപ്പാനിൽ പോകുവാനുള്ള എന്റെ ആഗ്രഹം പങ്കുവച്ചു. എല്ലാ സജീകരണങ്ങളും അദ്ദേഹം ചെയ്തുതരാമെന്നു പറഞ്ഞു. ഞാനും ഭാര്യയും അദ്ദേഹത്തിന്റെ ഭാര്യ സാലിയും എന്റെ അടുത്ത ബന്ധുകൂടിയായ എക്സിക്യൂട്ടീവ് എൻജിനിയർ ജോർജ് ഈപ്പനും (ജിജി) ഭാര്യ റാണിയും ഞങ്ങളുടെ യാത്രാസംഘത്തിലുണ്ടായിരുന്നു. ടോക്കിയോ നഗരത്തിലെ സാമാന്യം സൗകര്യപ്രദമായ ഒരു ഹോട്ടലിൽ താമസിച്ചുകൊണ്ടാണ് ഞങ്ങൾ ജപ്പാൻ സന്ദർശനം നടത്തിയത്. കെ.സി നൈനാൻ തന്റെ ബിസിനസ് കാര്യങ്ങൾക്കായി എല്ലാ ദിവസവും പല സ്ഥലങ്ങളിൽ പോകേണ്ടിയിരുന്നതുകൊണ്ട് ബാക്കിയുള്ള ഞങ്ങൾ അദ്ദേഹത്തിന്റെ സഹായത്തോടു കൂടി യാത്രാ പരിപാടി തയ്യാറാക്കി. ഹിരോഷിമ എന്ന നഗരം സന്ദർശിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം വളരെ നിർബന്ധമായിരുന്നതുകൊണ്ട് അവിടം സന്ദർശിക്കുന്നതുൾപ്പെടെയാണ്. ഞങ്ങൾ യാത്രാപരിപാടി തയ്യാറാക്കിയത്. ടോക്കിയോയിൽ നിന്നും എണ്ണൂറു കി.മീ ദൂരെ സ്ഥിതി ചെയ്യുന്ന ഹിരോഷിമാ നഗരത്തിലെ അത്ഭുതമായി മാറി. റെയിൽവേയുടെ ബുള്ളറ്റ് ട്രെയിനിൽ സഞ്ചരിച്ചാൽ വെറും നാലു മണിക്കൂർ കൊണ്ട് ഹിരോഷിമായിൽ എത്തിച്ചേരാമെന്നു മനസ്സിലാക്കി. ഈ ദൂരത്തിനിടക്കുള്ള പ്രധാനപ്പെട്ട അഞ്ചു നഗരങ്ങളിൽ കൂടി ട്രെയിൻ കടന്നുപോകുമ്പോൾ അവിടെ കുറച്ചു നേരം ബുള്ളറ്റ് ട്രെയിൻ നിർത്തുമായിരുന്നു.

ഹിരോഷിമയിലെ ഹോട്ടലിൽ ഞങ്ങൾ മൂന്നു മുറികൾ ബുക്കു ചെയ്തു. 2005 ജൂൺ മാസം 15നു ടോക്കിയോ റെയിൽവേ സ്റ്റേഷനിൽ ചെന്ന് ഞങ്ങൾ അഞ്ചു പേർക്കു കൂടി ടിക്കറ്റ് വാങ്ങിയതിന് എന്റെ കൈയിലുണ്ടായിരുന്ന ക്രെഡിറ്റ് കാർഡ് കൊടുത്തപ്പോൾ ജാപ്പാനീസ് നാണയ വിനിമയ പ്രകാരമുള്ള സംഖ്യ മെഷീനിൽ കൂടി മാറി വന്നത് പതിനാലു വർഷങ്ങൾക്കു മുൻപ് എനിക്കൊരു രസകരമായ അനുഭവമായിരുന്നു.

ബുള്ളറ്റു ട്രെയിൻ ഒരു മണിക്കൂറിൽ ഇരുന്നൂറു കി.മീ വേഗതയിലാണ് ഓടിക്കൊണ്ടിരുന്നതെങ്കിലും അതിന്റെ യാതൊരു പ്രയാസങ്ങളും അകത്തിരുന്ന ഞങ്ങൾ അറിഞ്ഞിരുന്നില്ല എന്നതാണ് ആ ട്രെയിനിന്റെ പ്രത്യേകതകളിൽ ഒന്ന്. ഓരോ സ്റ്റേഷനിലും എത്തുന്നതിനു മുമ്പുതന്നെ അടുത്ത സ്റ്റേഷനെപ്പറ്റിയുള്ള



എല്ലാ വിവരങ്ങളും ഇംഗ്ലീഷിൽ എഴുതി വന്നത് കമ്പാർട്ടുമെന്റിന്റെ അകത്തിരുന്നുതന്നെ ഞങ്ങൾ കണ്ടുകൊണ്ടിരുന്നു. ഡിപ്പാർച്ചർ 1.13 പിഎം എന്ന് ടിക്കറ്റിൽ രേഖപ്പെടുത്തിയിരുന്നതുകൊണ്ട് ഞങ്ങൾ നേരത്തെതന്നെ പ്ലാറ്റ്ഫോമിൽ എത്തി. 1.12 പിഎം വരെ ട്രെയിൻ വരുന്നതിന്റെ ഒരു ലാഞ്ചനയും കണ്ടില്ലെങ്കിലും നിശ്ചിത സമയത്തിനു ഏതാനും നിമിഷങ്ങൾക്കു മുമ്പ് ട്രെയിൻ പ്ലാറ്റ്ഫോമിലേക്കു വന്നു നിന്നത് എനിക്കൊരു വിസ്മയമായി. കൃത്യം ഒരു മിനിട്ടു കഴിഞ്ഞപ്പോൾ ട്രെയിൻ സ്റ്റേഷൻ വിട്ടു. ജപ്പാന്റെ സഹായത്തോടു കൂടി നരേന്ദ്രമോഡി ഗവൺമെന്റ് രണ്ടു ബുള്ളറ്റ് ട്രെയിനുകൾ മുംബൈ- അഹമ്മദാബാദ്, മുംബൈ-ഡൽഹി എന്നീ റൂട്ടുകളിൽ ഓടിക്കുന്നതിനുള്ള പാതകളുടെ പണികൾ തകൃതിയായി നടത്തിക്കൊണ്ടിരിക്കുകയാണ്. അവ പൂർത്തിയാകുന്നതോടുകൂടി മറ്റു പ്രദേശങ്ങളിലേക്കും ബുള്ളറ്റ് ട്രെയിൻ സർവ്വീസുകളുടെ പണികൾ ആരംഭിക്കുമെന്നുള്ള ഗവണ്മെന്റ് പ്രഖ്യാപനവും വന്നു കഴിഞ്ഞു.

ഹിരോഷിമയിൽ ട്രെയിൻ നിശ്ചിതസമയത്തു തന്നെ എത്തിച്ചേർന്നു. ഞങ്ങൾ ബുക്കു ചെയ്ത ഹോട്ടലിലേക്കു സ്റ്റേഷനിൽ നിന്നും നടക്കാനുള്ള ദൂരമേ ഉണ്ടായിരുന്നുള്ളൂ.

ഒരു ട്രാം കാറിൽ ആറ്റം ബോംബു വീണ സ്ഥലത്തു ഞങ്ങൾ എത്തി. ബോംബു പതിച്ച കെട്ടിടത്തിന്റെ ചില അവശിഷ്ടങ്ങൾ മാത്രം നിലനിർത്തിക്കൊണ്ട് ഹിരോഷിമാ നഗരത്തിലെ മണ്ണ് ആറടി താഴ്ചയിൽ നീക്കം ചെയ്തു. വിസ്തൃതമായ നഗരസ്ഥാനത്ത് നല്ല മണ്ണിട്ട് അവിടെ നല്ല മരങ്ങളും പൂച്ചെടികളും നട്ടുവളർത്തി അതിമനോഹരമായ ഒരു പുതിയ നഗരം ജപ്പാൻകാർ പണിതുയർത്തി. വൈകുന്നേരത്ത് നഗരത്തിന്റെ നവീന ഭാഗങ്ങൾ കണ്ടതിനു ശേഷം ഞങ്ങൾ ഹോട്ടലിൽ തിരിച്ചെത്തി. പിറ്റേന്ന് ഹിരോഷിമയിലെ വാർ മെമ്മോറിയൽ സെന്റർ ഞങ്ങൾ രണ്ടു മണിക്കൂർ കൊണ്ടാണ് കണ്ടു തീർത്തത്. അതിനുശേഷം 1.34ന് പുറപ്പെട്ട ബുള്ളറ്റ് ട്രെയിനിൽ ഞങ്ങൾ ടോക്കിയോവിലേക്ക് മടങ്ങി.

ഹിരോഷിമയിൽ വച്ചുണ്ടായ ചെറുതെങ്കിലും രസകരവും അതേസമയം അവിസ്മരണീയവുമായ ഒരു സംഭവം: ഞങ്ങളുടെ സഹയാത്രികയായിരുന്ന റാണിയുടെ വക വിലപിടിപ്പുള്ള ഒരു ക്യാമറ ഒരു കടയിൽ വച്ച് മറന്നു പോയി. ഞങ്ങൾ മറ്റൊരു കടയിൽ എത്തിയപ്പോൾ ആദ്യത്തെ കടയിലെ ഒരു പെൺകുട്ടി ഞങ്ങളെ തേടിപ്പിടിച്ചു വന്ന് ക്യാമറ തിരികെ ഏൽപ്പിച്ചു. ഇന്ത്യയിൽ അപൂർവ്വമായി ഉണ്ടാകുന്ന കാര്യമാണെങ്കിൽ ജപ്പാനിൽ ഇതു സർവ്വസാധാരണമായി ഉണ്ടാകുന്നതാണ്. പിറ്റേന്നു ഞങ്ങൾ ടോക്കിയോവിലെ ഒരു ഹോട്ടലിൽ ഭക്ഷണം കഴിച്ച് പണം കൊടുത്തതിന്റെ ബാക്കി വന്ന ജാപ്പനീസ് നാണയത്തിലുള്ള ചില്ലറകൾ അവിടുത്തെ പാത്രത്തിൽ ടിപ്പ് വച്ച് ഞങ്ങൾ മടങ്ങി. ഹോട്ടലിലെ ഒരു പെൺകുട്ടി ഞങ്ങളുടെ പിറകേ ചിരിച്ചും കൊണ്ടുവന്ന് ആ നാണയങ്ങൾ ഞങ്ങളെ തിരികെ ഏൽപ്പിച്ചു. അത് നിങ്ങൾക്കുള്ള ടിപ്പ് എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ, ആ പെൺകുട്ടി മുറി ഇംഗ്ലീഷിൽ ജപ്പാൻകാർ ടിപ്പ് വാങ്ങുകയില്ല എന്ന വിവരം വളരെ സൗമ്യമായി ഞങ്ങളെ പറഞ്ഞു മനസ്സിലാക്കി. മൂന്നാമത്തെ മറ്റൊരു സംഭവം, ഞങ്ങൾ തിരികെ പോരുന്നതിനായി എയർപോർട്ട് ബസ് സ്റ്റേഷനിലേക്ക് ഒരു ടാക്സി കാറിൽ എത്തി. ഞങ്ങളുടെ ലഗേജ് കാറിൽ നിന്നും ഒരു ജോലിക്കാരനെടുത്ത് എയർപോർട്ട് ബസിലേക്ക് വച്ചു. അപ്പോൾ ഞങ്ങളുടെ കൈവശം ജാപ്പനീസ് കറൻസിയുടെ ഒരു നോട്ട് (എത്രയുടേതാണെന്ന് ഓർമയില്ല) ബാക്കിയുണ്ടായിരുന്നു. ആ നോട്ടുകൊണ്ട് പിന്നെ പ്രയോജനമില്ലെന്നു മനസ്സിലാക്കി ഞാൻ ആ തുക ലഗേജ് എടുത്തുവച്ച ജോലിക്കാരനു സമ്മാനച്ചു. അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. For our labour government has been paying money. Japanis will not accept any thing more for the same labour- നോട്ട് അദ്ദേഹം മടക്കി തന്നു. ജലദോഷം പിടിപെട്ട് ജപ്പാൻകാർ പുറത്തു പോകുമ്പോൾ തുണികൊണ്ടുള്ള മാസ്ക് കണ്ണിനു താഴെ ധരിക്കുമെന്ന് കേട്ടിരുന്നു. ജപ്പാനിൽ ചെന്നപ്പോൾ അങ്ങനെയുള്ള മാസ്ക് ധാരികളായ വളരെ പേരെ നിരത്തുകളിൽ കണ്ടിരുന്നു. മറ്റുള്ളവർക്കു രോഗം പിടിപെടാതിരിക്കാനുള്ള ഒരു മുൻകരുതലായിട്ടാണ് ജപ്പാൻകാർ ഇങ്ങനെ ചെയ്യുന്നത്.

മറ്റുള്ളവരെ പരിഗണിക്കുന്ന കാര്യത്തിൽ ജപ്പാൻ ജനതയ്ക്കു ലഭിച്ചിട്ടുള്ള പരിശീലനം നമുക്ക് ഒരു മാതൃകയാണ്. അങ്ങനെയുള്ള ഒരു ജനതയുടെ മേൽ ആറ്റംബോംബെന്ന അഗ്നിഗോളം വർഷിച്ച് സംഹാര താണ്ഡവം നടത്തിച്ചത് ക്രൂരതയുടെ ആൾരൂപമെന്ന് ചരിത്രം വിശേഷിപ്പിച്ച അഡോൾഫ് ഹിറ്റ്ലറുമായി ജപ്പാനുകാൾ കൂട്ടുകൂടിയതിന്റെ ദുരന്തഫലമായിരുന്നു. അതിനു ഇരയായ ജപ്പാനിലെ ജനങ്ങൾ അനുഭവിക്കേണ്ടി വന്ന പ്രത്യാഘാതങ്ങൾക്ക് ആരാണ് ഉത്തരവാദികൾ എന്നുള്ള തർക്കം ഇന്നും തുടരുന്നു. ശീതസമരം കൊടുമ്പിരി കൊണ്ടിരുന്ന നാളുകളിൽ ആറ്റം ബോംബ് വർഷിച്ചതിന്റെ കുറ്റം അമേരിക്കയുടെ മേൽ വച്ചുകെട്ടുന്നതിന് കമ്മ്യൂണിസ്റ്റു രാജ്യങ്ങൾ വലിയ പ്രചാരണം കൊടുത്തിരുന്നു. എന്നാൽ അതിന്റെ ഉത്തരവാദിത്തം ജപ്പാൻ ഭരണകൂടത്തിനു മാത്രമാണെന്നു അമേരിക്ക പ്രചരിപ്പിച്ചിരുന്ന വർഷങ്ങളിൽ പോലും ജപ്പാന്റെ പുനരുദ്ധാരണത്തിനു വേണ്ടി വലിയ തുക അമേരിക്ക ചെലവഴിച്ചുകൊണ്ടിരുന്നു. ഹിരോഷിമയിൽ ആറ്റംബോംബു വർഷിച്ചതിന്റെ 75-ാം വാർഷികം ആചരിക്കുമ്പോൾ ന്യൂക്ലിയർ ബോംബുകൾ സ്വായത്തമാക്കിയ രാജ്യങ്ങളുടെ എണ്ണം എത്രയായി ഉയർന്നു എന്നതിന് കൃത്യമായി കണക്കില്ലെങ്കിലും ഇനി ഒരിക്കൽ കൂടി ഒരു രാജ്യത്തും ന്യൂക്ലിയർ ബോംബു വർഷിക്കപ്പെടുകയില്ലെന്ന് ലോക ജനതയ്ക്ക് പ്രതീക്ഷിക്കാവുന്ന തരത്തിൽ ചില കാരണങ്ങൾ ഉണ്ടായിട്ടുണ്ട്. ലോകജനതയുടെ പ്രതീക്ഷ ദൈവം നടപ്പിലാക്കണമെന്ന് പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല

9447078215